2B6A23050

(Pages : 2)

Reg. No:.......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2023**

**BML6B11 – Bashasasthravum Bashacharithravum**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1, യൂണികോഡ് എന്നാലെന്ത്?

2. ശ്രേഷ്ഠഭാഷ എന്നാൽ എന്ത്?

3. മൂന്ന്മലയാളം ഫോണ്ടുകളുടെ പേരെഴുതുക.

4. മാതൃഭാഷാദിനം എന്ന്? പ്രസക്തി എന്ത്?

5. തൻമൊഴി എന്നാൽ എന്ത്?

6. വിലക്കു ഭാഷകൾക്കു മൂന്ന് ഉദാഹരണം എഴുതുക.

7. ഭാഷാഭേദ വിജ്ഞാനം എന്നാൽ എന്ത്?

8. നാനാർത്ഥത്തിന് മൂന്ന് ഉദാഹരണം എഴുതുക.

9. സ്വനം എന്നാൽ എന്ത്?

10. സ്വതന്ത്ര രൂപിമത്തിന് മൂന്ന് ഉദാഹരണം എഴുതുക.

11. കപ്പ എന്ന ശബ്ദത്തിന് തുല്യമായി കേരളത്തിൽ ഉപയോഗിക്കുന്ന മൂന്നു പദങ്ങളെ പരിചയപ്പെടുത്തുക.

12. ഉപസ്വനം എന്നാൽ എന്ത്?

13. ദക്ഷിണദ്രാവിഡ ഭാഷകൾക്ക് മൂന്ന് ഉദാഹരണം എഴുതുക.

14. വാമൊഴി എന്നാലെന്ത്?

15. വെങ്കലഭാഷ എന്നാലെന്ത്?

**(2 X 15= 30പരമാവധിമാർക്ക് 25)**

## Section B

**II. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**

16. മാതൃഭാഷ, പഠനമാധ്യമം ആയി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുക.
17. മിശ്രഭാഷാവാദം, സ്വതന്ത്രവാദം എന്നിവ എന്തെന്ന് വിശദീകരിക്കുക.
18. ആചാര ഭാഷ എന്നാലെന്ത്? പ്രസക്തിയെന്ത്? ഉദാഹരണ സഹിതം വിശദമാക്കുക.
19. കേരളത്തിലെ ജീവിത സാഹചര്യത്തിൽ സാമൂഹിക ഭാഷാ ഭേദ പഠനത്തിന്പ്രസക്തി ഉണ്ടോ എന്ന്പരിശോധിക്കുക.
20. മലയാളഭാഷയുടെ വളർച്ചയെ അടിസ്ഥാനമാക്കിയുള്ള ഘട്ടവിഭജനം വിവരിച്ച് അതിന്റെ സാധുത പരിശോധിക്കുക.
21. രചനാന്തരണ പ്രജനക വ്യാകരണം എന്തെന്ന് വിശദീകരിക്കുക.
22. ഭാഷാഗോത്രം എന്നാൽ എന്ത്? ദ്രാവിഡ ഭാഷാ ഗോത്രത്തിന്റെ സവിശേഷതകൾ ഉദാഹരണ സഹിതം വിശദമാക്കുക.
23. കക്ഷ്യാ വിഭജനം എന്തെന്ന് വിശദീകരിക്കുക.

**(5X 8=40 പരമാവധി മാർക്ക് 35)**

## Section C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. കേരളപാണിനി വിശദീകരിക്കുന്ന ആറു നയങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
25. ഭാഷാഭേദങ്ങളെ തരം തിരിക്കുന്നതിന്റെ അടിസ്ഥാന തത്വങ്ങളെ, കേരളത്തിലെ ഭാഷാഭേദങ്ങളെ മുൻനിർത്തിക്കൊണ്ട്പരിശോധിക്കുക.
26. മലയാളത്തിലെ സ്വരവ്യഞ്ജന സങ്കല്പത്തെക്കുറിച്ച് ഉപന്യസിക്കുക. അവയെ പ്രിചയപ്പെടുത്തുക.
27. ഭാഷാ ശാസ്ത്ര പഠനത്തിലെ വിവിധങ്ങളായ സമീപനങ്ങളെ പരിചയപ്പെടുത്തുക.

**(2X 10 =20മാർക്ക് )**

2B6A23051

(Pages : 2)

Reg. No:……………………..

Name: ………………………..

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2023**

**BML6B12 – Gadhyasahithyam**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

**Section A**

**I. ഒന്നോരണ്ടോവാക്യത്തിൽഉത്തരമെഴുതുക.**

1. ലീലാതിലകകാരൻ മണിപ്രവാളത്തിന് നൽകുന്ന ലക്ഷണമെന്ത് ?
2. ഗദ്യചരിത്രത്തിൽ വർത്തമാനപ്പുസ്തകത്തിനുള്ള പ്രാധാന്യമെന്ത്?
3. ഉദയമ്പേരൂർ സുനഹദോസ് രേഖപ്പെടുത്തപ്പെട്ടത് എങ്ങിനെ ?
4. തിരമൊഴി എന്നാലെന്ത്?
5. മലയാളഗദ്യത്തിന്റെ വളർച്ചയിൽ ആദ്യകാലത്ത്സ്വാധീനിച്ച രണ്ട് പത്രമാസികകളുടെ പേരെഴുതുക?
6. പുല്ലേലിക്കുഞ്ചുവിന്റെ പ്രാധാന്യം എന്ത്?
7. ആദ്യത്തെ പാഠപുസ്തകക്കമ്മിറ്റിയുടെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു ?
8. വാമൊഴിയും വരമൊഴിയും തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത്?
9. കാന്താര താരകം -വിശദീകരിക്കുക.
10. ഉപപാദനം എന്നതുകൊണ്ട് ഏ.ആർ അർത്ഥമാക്കുന്നതെന്ത്?
11. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസം എന്ത് ?
12. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ഏത്? എഴുതിയതാര്?
13. ഭാഷാ കൗടലീയത്തിലെ ഭാഷയുടെ പ്രധാന സവിശേഷത എന്ത്?
14. സംക്ഷേപവേദാർത്ഥത്തിന്റെ ഉള്ളടക്കം എന്ത് ?
15. ഇംഗ്ലീഷായിരിക്കണം അദ്ധ്യയന മാധ്യമം എന്ന വാദത്തെ ഉദയഭാനു നോക്കിക്കാണുന്നത് എങ്ങിനെ ?

**(15 X 2 = 30, പരമാവധിമാർക്ക് 25)**

## SectionB

**II. ഒരുഖണ്ഡികയിൽകവിയാതെഉത്തരമെഴുതുക.**

**കുറിപ്പെഴുതുക.**

16. മൃഗയാസ്മരണകൾ
17. നമ്പൂതിരിഗദ്യം
18. വാഴപ്പിള്ളിശാസനം
19. അച്ചടിയുടെ വളർച്ച
20. സൈബർ ഭാഷ
21. കൈനിക്കര കുമാരപിള്ളയുടെ അഭിപ്രായത്തിൽ നാടകാഭിനയത്തിൽ നിരീക്ഷണം ഒരവശ്യ ഘടകമാവുന്നത് എങ്ങിനെയാണ്?
22. ശാസന ഭാഷയിൽ ഉപയോഗിച്ചിട്ടുള്ള അക്ഷരമാലയുടെ പ്രത്യേകതകൾ എന്തെല്ലാം?
23. മിഷണറി ഗദ്യത്തിന്റെ വ്യതിരിക്തമായ ഭാഷാ സ്വഭാവങ്ങൾ എന്തൊക്കെയായിരുന്നു?

**(8 X 5 = 40 പരമാവധിമാർക്ക് 35)**

## Section C

**III ഏതെങ്കിലും രണ്ടുചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. സൈബർ ലോകത്തെ മലയാള ഭാഷയുടെ ഇടപെടലുകൾ ചർച്ച ചെയ്യുക.?
25. മലയാളനിരൂപണത്തിന് എ. ആർ രാജരാജവർമ്മ നൽകിയ സംഭാവനകൾ എന്തെല്ലാം?
26. മാതൃഭാഷാദ്ധ്യയനത്തിന്റെ പ്രധാനം ഉദയഭാനു സരസമായി വിശദീകരിക്കുന്നതെങ്ങിനെ ?
27. മിഷണറിമാരുടെ ആഗമനം മലയാളഗദ്യത്തിൽ വരുത്തിയ പ്രധാന മാറ്റങ്ങൾ എന്തെല്ലാം?

**(2X 10 = 20 മാർക്ക്)**

51

2B6A23052

(Pages : 2)

Reg. No:.......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April,2023**

## BML6B13- പൗരസ്ത്യസിദ്ധാന്തങ്ങൾ

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

### I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.

1. 'വാക്യം രസാത്മകം കാവ്യം' എന്ന് കാവ്യത്തെ നിർവചിച്ചതാര്?
2. വ്യഞ്ജനാ വ്യാപാരം എന്നാലെന്ത്?
3. ശ്ലേഷം എന്നാലെന്ത്?
4. പ്രകൃതാ പ്രകൃതങ്ങൾ ഏക ധർമ്മത്തിൽ അന്വയിക്കുന്നത് ഏത് അലങ്കാരത്തിലാണ്?
5. '"അങ്കണത്തൈമാവിൽ നിന്നാദ്യത്തെപ്പഴം വീഴ്കേ അമ്മതൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ" -വൃത്തം നിർണ്ണയിക്കുക.
6. ഭരതന്റെ രസസൂത്രമെന്ത്?
7. വിഭാവം എത്ര വിധം? ഏതെല്ലാം?
8. ലക്ഷണ എന്നാലെന്ത്?
9. ഏ.ആർ കേരളപ്രാസം എന്ന് പേര് കൊടുത്ത പ്രാസമേത്?
10. ദണ്ഡകം എന്നാലെന്ത്?
11. മാത്രാ വൃത്തങ്ങളിലെ ഗണ വ്യവസ്ഥയെന്ത്?
12. ' രീതിരാത്മാകാവ്യസ്യ' _ വ്യക്തമാക്കുക.
13. ' ഗണം ഗുരുലഘു സ്ഥാന ഭേദത്താലെട്ടുമാതിരി' ഏതെല്ലാം?

14. സ്ഥായിഭാവങ്ങൾ എന്നാലെന്ത്? അവ ഏതെല്ലാം?

15. 'രമണീയാർത്ഥക പ്രതിപാദക: ശബ്ദ: കാവ്യം' എന്ന് കാവ്യത്തെ നിർവചിച്ചതാര്?

[2 x 15 = 30 പരമാവധി മാർക്ക്25]

## ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരംഎഴുതുക.

16. സഹൃദയൻ വിശദമാക്കുക?
17. ഉപമാലങ്കാരത്തിന് ആവശ്യം വേണ്ട നാലു ഘടകങ്ങൾ ഏതെല്ലാം? വിശദമാക്കുക.
18. കാകളി വൃത്തത്തിന്റെ ലക്ഷണമെഴുതി വ്യാഖ്യാനിക്കുക ?
19. ഉപമ - ഉൽപ്രേക്ഷ എന്നിവയെ താരതമ്യപ്പെടുത്തുക.
20. കവിയെക്കുറിച്ചുള്ള പൗരസ്ത്യ ചിന്തകൾ ക്രോഡീകരിക്കുക?
21. വസന്തതിലകം - കേക എന്നീ വൃത്തങ്ങളെ താരതമ്യം ചെയ്യുക?
22. ആനന്ദവർദ്ധനന്റെ ധ്വനി നിർവചന സൂത്രം വ്യാഖ്യാനിക്കുക?
23. വ്യുൽപ്പത്തി എന്നാലെന്ത്? വിശദമാക്കുക

[5 x 8 = 40 **പരമാവധി മാർക്ക്** 35]

## ഏതെങ്കിലും രണ്ട്ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക

24. രസസിദ്ധാന്തത്തിന് ഭാരതീയ കാവ്യ മീമാംസയിൽ എത്രത്തോളം പ്രാധാന്യമുണ്ടെന്ന് പരിശോധിക്കുക?
25. ഭാഷാവൃത്തങ്ങളും സംസ്കൃത വൃത്തങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
26. കിളിപ്പാട്ട് വൃത്തങ്ങളെക്കുറിച്ച് ഉപന്യസിക്കുക?
27. സിദ്ധാന്ത നവീകരണത്തിനായി അയ്യപ്പപണിക്കർ മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളെന്തെല്ലാം?

**[2 x 10 = 20]**

2B6A22053

(Pages : 3)

Reg. No:.......................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2023**

**BML6B14 – Navasamskarapadanangal**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

## SECTION A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 2 മാർക്ക് വീതം**

1. ജനപ്രിയസംസ്കാരത്തിന്റെ രാഷ്ട്രീയമെന്ത്?
2. തനതുകല എന്തെന്നു വ്യക്തമാക്കുക
3. അടിമത്ത നിരോധന ആക്ടിനെ കുറിച്ച് കുബേരൻ നമ്പൂതിരിക്ക് വിവരമില്ലെന്ന് കലക്ടർ മനസ്സിലാക്കിയതെങ്ങനെ?
4. 'വ്യവഹാരം' എന്നതുകൊണ്ട് ഫുക്കോ വിവക്ഷിക്കുന്നതെന്ത് ?
5. പരിസ്ഥിതിപ്രതിസന്ധി ഒരു സാംസ്കാരിക പ്രതിസന്ധിയാണെന്ന് പറയുന്നതെന്തുകൊണ്ട് ?
6. 'പ്രതിനിധാനം' എന്നതുകൊണ്ട് ദറിദ വിവക്ഷിക്കുന്നതെന്ത് ?
7. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെ ടി പി സുകുമാരൻ നിർവചിക്കുന്നതെങ്ങനെ?
8. ബുദ്ധൻ ബ്രാഹ്മണാധികാരവ്യവസ്ഥയുടെ ചൂഷണത്തെ ചെറുക്കാൻ ജനങ്ങളെ സജ്ജരാക്കിയതെങ്ങനെ?
9. മാർക്സ് സംസ്കാരത്തെ നിർവചിക്കുന്നതെങ്ങനെ ?
10. മേബിൾ അമ്മായിയുടെ വീടിന്റെ സവിശേഷതയെന്ത്?
11. അതിഭൗതിക വാദത്തിന്റെയും മിത്തുകളുടെയും പ്രയോഗത്തിലൂടെയാണ് എക്കാലത്തും വരേണ്യ വിഭാഗം അധികാരവും ചൂഷണവും സുരക്ഷിതമാക്കുന്നത്" - പി. കെ . പോക്കറിന്റെ വിശകലത്തിന്റെ അടിസ്ഥാനമെന്ത് ?

12. മരത്തൻ കൊല്ലപെട്ടതെങ്ങനെ?

13. ബാർബറ ജോഷി 'ദലിത്' എന്ന പരികല്പനയെ വിശദീകരിക്കുന്നതെങ്ങനെ?

14. ദലിത് സാഹിത്യം ഉരുത്തിരിഞ്ഞു വന്നതെങ്ങനെ ?

15. 'ആനന്ദമാണോ അത്ഭുതമാണോ എന്നറിയാതെ ഞാൻ അലറി' സന്ദർഭമെന്ത്?

**പരമാവധി 25 മാർക്ക്**

## SECTION B

**II ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക .5 മാർക്ക് വീതം**

16. ജനപ്രിയതത്വത്തെക്കുറിച്ചുള്ള റെയ്മണ്ട് വില്യംസിന്റെ സങ്കല്പനമെന്ത്?

17. ഇസ്ലാമിക ഫെമിനിസത്തിന്റെ പ്രശ്നമേഖലകളെന്ത് ?

18. പ്രത്യയശാസ്ത്രം എന്ന സങ്കല്പനത്തെ ഏതെല്ലാം തരത്തിൽ വ്യാഖ്യാനിക്കാം ?

19. രചനയ്ക്കു വേണ്ടി മേബിൾ അമ്മായിയുടെ വീട് തിരഞ്ഞെടുക്കാൻ എഴുത്തുകാരിയെ പ്രേരിപ്പിച്ചതെന്ത്?

20. രോഹിത് വെമുലയുടെ ആത്മഹത്യ ഇന്ത്യൻ ചരിത്രത്തിൽ സൃഷ്ടിച്ച വഴിത്തിരിവെന്ത് ?

21. മലബാറിന്റെ ' സമകാലീന സാഹിത്യപ്രതിനിധാനമെന്ന് നിലയിൽ ഹിഗ്വിറ്റയെ എം.ടി അൻസാരി വായിക്കുന്നതെങ്ങനെ?

22. സ്ത്രീവാദപ്രസ്ഥാനങ്ങളുടെ രൂപപ്പെടലിന് ഇടയൊരുക്കിയ തിരിച്ചറിവെന്ത് ?

23. ദലിത് സാഹിത്യത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക

**പരമാവധി 35 മാർക്ക്**

## SECTION C

III ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് 2 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

24. ദലിത് ജ്ഞാനശാസ്ത്രത്തെ മുൻ നിർത്തി 'എരി'യെ വിശകലനം ചെയ്യുക

25. ബ്രാഹ്മണജ്ഞാന ശാസ്ത്രമായ മനുസ്മൃതി ആശയങ്ങളോടാണ് സരസ്വതീവിജയം കലഹിക്കുന്നത് - വിശദമാക്കുക.

26. 'ജനാധിപത്യ ബഹുസ്വരതയിലൂടെ മാത്രമേ യാഥാർത്ഥ്യമാവുകയുള്ളൂ' പി.കെ പോക്കറുടെ ഈ അഭിപ്രായത്തിന്റെ സാധുത വിലയിരുത്തുക.

27. വൈസ്രോയിയുടെ സന്ദർശനം എന്ന കഥയെ സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ അപഗ്രഥിക്കുക.

**2x10=20 മാർക്ക്**

53

2B6A23054

(Pages : 2)

Reg. No:.........................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Sixth Semester BA Malayalam Degree Examination, April 2023**

**BML6B17 – Cybermalayalam**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

**ഒന്നോരണ്ടോവാക്കിൽ ഉത്തരമെഴുതുക.**

**[2 x 15 = 30, പരമാവധിമാർക്ക് 25]**

1. ലിപ്യന്തരണം എന്നാൽ എന്ത്?
2. തിരമൊഴി എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെന്ത്?
3. വാട്സ്ആപ്പ്സ്ഥാപകനും സി.ഇ.ഒ.യുമായ ജാൻകും-ന്റെ ജന്മദേശമേത്?
4. ഇൻഫർമേഷൻ ടെക്നോളജി–ആരെഴുതിയ ഗ്രന്ഥമാണ്?
5. സൈബർശാസ്ത്ര നോവൽ എന്നാൽ എന്താണ്?
6. ആധുനിക മലയാള അച്ചടിയുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ആര്?
7. മൾട്ടിമീഡിയ എന്നാൽ എന്ത്?
8. മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ പത്രമേത്? ആരംഭിച്ച വർഷമേത്?
9. OTP –യുടെ പൂർണ്ണ രൂപമെന്ത്?
10. പ്രതീതി യാഥാർത്ഥ്യം എന്നാൽ എന്ത്?
11. ഇ-ലൈബ്രറി എന്നാൽ എന്ത്?
12. വിക്കിനിഘണ്ടു എന്നാൽ എന്ത്?
13. ഫേയ്സ്ബുക്കിന്റെ സ്ഥാപകനാര്?
14. ട്വിറ്ററിന്റെ സി.ഇ.ഒ. ആരാണ്?
15. വ്ളോഗിംഗ് (vlogging)എന്നാൽഎന്ത്?

**ഒരുഖണ്ഡികയിൽകവിയാതെഉത്തരംഎഴുതുക.**

**[5 x 8 = 40, പരമാവധിമാർക്ക് 35]**

16. ഭാഷാ സാങ്കേതികത എന്തെന്ന് വിശദമാക്കുക?
17. വെബ്സൈറ്റ്-എന്തെന്ന് ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക?
18. സിസ്റ്റം സോഫ്റ്റ്വെയറും അപ്ലിക്കേഷൻ സോഫ്റ്റ്വെയറും വിശദമാക്കുക.?
19. ഹോർത്തൂസ് മലബാറിക്കസ് - കുറിപ്പെഴുതുക.
20. സിറ്റിസൺ ജേണലിസം എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
21. യുണികോഡ്ഫോണ്ടുകൾ എന്നാൽ എന്ത്?
22. സാമൂഹ്യമാധ്യമങ്ങൾ - വിശദമാക്കുക?
23. ബെഞ്ചമിൻ ബെയ്‌ലി- കുറിപ്പെഴുതുക?

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

**[2 x 10 = 20]**

24. കോവിഡും ഡിജിറ്റൽ വിപ്ലവവും എന്ന വിഷയത്തെ കുറിച്ച് മലയാളത്തിലെ പ്രമുഖ ഓൺലൈൻ പത്രത്തിലേക്ക് ഒരു ലേഖനം തയ്യാറാക്കുക.
25. വിക്കി പീഡിയയുടെ ചരിത്രവും പശ്ചാത്തലവും വിശദമാക്കുക.?
26. കമ്പ്യൂട്ടർ തലമുറകളെക്കുറിച്ച് വിവരിക്കുക.?
27. മലയാളത്തിലെ വിവിധ ബ്ലോഗുകളെക്കുറിച്ച് ഉപന്യസിക്കുക.